**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **23-08-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബാംഗം കോവിഡ് ബാധിച്ച് മരണപ്പെട്ടാൽ ആ കുടുംബത്തിന് 3 വർഷം പ്രതിമാസം 5000 രൂപ നൽകുമെന്ന് സംസ്ഥാന സർക്കാർ വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ എപ്പോഴാണ് വാഗ്ദാനം നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | നൽകിയിട്ടുണ്ട്; 22.10.2021-ലെ സ.ഉ.(കൈ)നം.203/2021/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് ബാധിച്ച് മരണപ്പെട്ട/ മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായമായി 5000/- രൂപ ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | നൽകിയിട്ടുണ്ട്; 22.10.2021-ലെ സ.ഉ.(കൈ)നം.203/2021/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് ബാധിച്ച് മരണപ്പെട്ട/ മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായമായി 5000/- രൂപ ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (സി) | അപേക്ഷ സമർപ്പിക്കേണ്ട രീതി എന്താണെന്നും അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് പണം നൽകുകയെന്നും വ്യക്തമാക്കാമോ; | (സി) | relief.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയും ബന്ധപ്പെട്ട വില്ലേജോഫീസിലും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ ലഭിച്ച് 30 പ്രവർത്തി ദിവസത്തിനകം അപേക്ഷയും കോവിഡ് ബാധിച്ചുള്ള മരണമാണെന്ന സർട്ടിഫിക്കറ്റും പരിശോധിച്ച് പ്രസ്തുത തുക DBT മുഖേന ജില്ലാ കളക്ടർ അനുവദിക്കുന്നതാണ്. |
| (ഡി) | ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണമാണ് അംഗീകരിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | ഇതുവരെയായി 26589 അപേക്ഷകൾ വിവിധ ജില്ലകളിലായി ലഭിച്ചിട്ടുണ്ട്. 6926 അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു |
| (ഇ) | എത്ര അപേക്ഷകൾക്ക് സഹായം അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ എത്രയെണ്ണമാണ് നിരസിച്ചതെന്നും അതിനുള്ള | (ഇ) | 4307 അപേക്ഷകൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്.ജില്ല തിരിച്ചുള്ള വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു 13334 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 22.10.2021-ലെ സ.ഉ. |

| | | | |
|---|---|---|---|
| | കാരണമെന്താണെന്നും ജില്ല തിരിച്ച വ്യക്തമാക്കാമോ? | | (കൈ)നം.203/2021/റവ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരമല്ലാത്ത അപേക്ഷകളാണ് നിരസിക്കുന്നത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായം ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ(DRF-A) വകുപ്പ്

സ.ഉ.(കൈ) നം.203/2021/റവ. തീയതി,തിരുവനന്തപുരം, 22/10/2021

---

പരാമർശം:- 20/06/2021 ലെ സ.ഉ.(കൈ) നം.18/2021/സാ.നീ.വ. ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് - 19 ബാധിച്ച് മാതാപിതാക്കൾ രണ്ട് പേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും വനിതാശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/- രൂപ (രണ്ടായിരം രൂപ മാത്രം) വീതം കുട്ടിക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് മാസം തോറും നിക്ഷേപിക്കുന്നതിനും അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനും കൂടാതെ ടി കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി മേൽ പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 20/06/2021 ൽ സ.ഉ.(കൈ) നം.18/2021/സാ.നീ.വ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾക്ക്, ഈ പദ്ധതി പ്രകാരമുള്ള സമാശ്വാസ ധനസഹായത്തിന് അർഹരല്ല എന്ന വ്യവസ്ഥയോടെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/-രൂപ വീതം ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) യായി ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) ധനസഹായം ലഭ്യമാക്കി താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്.

**പരിഗണിക്കേണ്ടുന്ന മാനദണ്ഡങ്ങൾ**

**1. ബി.പി.എൽ വിഭാഗത്തിൽപെടുന്ന കുടുംബത്തിലെ വരുമാനദായകൻ/ദായിക ആയ വ്യക്തി മരണപ്പെട്ടാൽ ;**

**2.സാമൂഹ്യ/ക്ഷേമനിധി/മറ്റ് പെൻഷനുകൾ ആശ്രിതർക്ക് ലഭ്യമാകുന്നത് അയോഗ്യതയായി കണക്കാക്കേണ്ടതില്ല**

**3.വ്യക്തി സംസ്ഥാനത്തിനകത്തോ പുറത്തോ രാജ്യത്തിന് പുറത്തോ മരണപ്പെടുകയാണെങ്കിലും കുടുംബം സംസ്ഥാനത്തിനകത്ത് സ്ഥിരതാമസമാക്കിയിട്ടുണ്ടെങ്കിൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.**

**4. ഈ സമാശ്വാസം ലഭ്യമാകുന്നതിനായി ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്താൻ വരുമാനം നിശ്ചയിക്കുമ്പോൾ മരണപ്പെട്ട വ്യക്തിയുടെ വരുമാനം ഒഴിവാക്കേണ്ടതാണ്.**

**5.ആശ്രിത കുടുംബത്തിൽ സർക്കാർ ജീവനക്കാരോ ആദായ നികുതി ദായകരോ ഇല്ലെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.**

**6. അപേക്ഷ തീർപ്പാക്കുന്നതിനായി അപേക്ഷകരെ ഓഫീസിലേക്ക് വിളിച്ച് വരുത്തുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്**

**5. ഒറ്റ പേജിൽ ലളിതമായ ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ലഭിച്ച് 30 പ്രവർത്തി ദിവസത്തിനകം അപേക്ഷയും കോവിഡ് ബാധിച്ച മരണമാണെന്ന സർട്ടിഫിക്കറ്റും പരിശോധിച്ച് ഉത്തരവിൽ പരാമർശിക്കുന്ന തുക DBT മുഖേന ജില്ലാ കളക്ടർ അനുവദിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
Iസെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ല കലക്ടർമാർക്കും

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാമൂഹ്യ നീതി വകുപ്പ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ദുരന്ത നിവാരണ വകുപ്പ്
പൊതുഭരണ എസ്.സി വകുപ്പ് (13.10.21 ലെ ഇനം നം 319 -OA പ്രകാരം)
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).
റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായം ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ(DRF-A) വകുപ്പ്

സ.ഉ.(കൈ) നം.203/2021/റവ. തീയതി,തിരുവനന്തപുരം, 22/10/2021

---

പരാമർശം:- 20/06/2021 ലെ സ.ഉ.(കൈ) നം.18/2021/സാ.നീ.വ. ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് - 19 ബാധിച്ച് മാതാപിതാക്കൾ രണ്ട് പേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും വനിതാശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/- രൂപ (രണ്ടായിരം രൂപ മാത്രം) വീതം കുട്ടിക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് മാസം തോറും നിക്ഷേപിക്കുന്നതിനും അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനും കൂടാതെ ടി കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി മേൽ പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 20/06/2021 ൽ സ.ഉ.(കൈ) നം.18/2021/സാ.നീ.വ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾക്ക്, ഈ പദ്ധതി പ്രകാരമുള്ള സമാശ്വാസ ധനസഹായത്തിന് അർഹരല്ല എന്ന വ്യവസ്ഥയോടെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/-രൂപ വീതം ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) യായി ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) ധനസഹായം ലഭ്യമാക്കി താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്.

**പരിഗണിക്കേണ്ടുന്ന മാനദണ്ഡങ്ങൾ**

**1. ബി.പി.എൽ വിഭാഗത്തിൽപെടുന്ന കുടുംബത്തിലെ വരുമാനദായകൻ/ദായിക ആയ വ്യക്തി മരണപ്പെട്ടാൽ ;**

**2.സാമൂഹ്യ/ക്ഷേമനിധി/മറ്റ് പെൻഷനുകൾ ആശ്രിതർക്ക് ലഭ്യമാകുന്നത് അയോഗ്യതയായി കണക്കാക്കേണ്ടതില്ല**

**3.വ്യക്തി സംസ്ഥാനത്തിനകത്തോ പുറത്തോ രാജ്യത്തിന് പുറത്തോ മരണപ്പെടുകയാണെങ്കിലും കുടുംബം സംസ്ഥാനത്തിനകത്ത് സ്ഥിരതാമസമാക്കിയിട്ടുണ്ടെങ്കിൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.**

**4. ഈ സമാശ്വാസം ലഭ്യമാകുന്നതിനായി ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്താൻ വരുമാനം നിശ്ചയിക്കുമ്പോൾ മരണപ്പെട്ട വ്യക്തിയുടെ വരുമാനം ഒഴിവാക്കേണ്ടതാണ്.**

**5.ആശ്രിത കുടുംബത്തിൽ സർക്കാർ ജീവനക്കാരോ ആദായ നികുതി ദായകരോ ഇല്ലെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.**

**6. അപേക്ഷ തീർപ്പാക്കുന്നതിനായി അപേക്ഷകരെ ഓഫീസിലേക്ക് വിളിച്ചു വരുത്തുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്**

**5. ഒറ്റ പേജിൽ ലളിതമായ ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ലഭിച്ച് 30 പ്രവർത്തി ദിവസത്തിനകം അപേക്ഷയും കോവിഡ് ബാധിച്ച മരണമാണെന്ന സർട്ടിഫിക്കറ്റും പരിശോധിച്ച് ഉത്തരവിൽ പരാമർശിക്കുന്ന തുക DBT മുഖേന ജില്ലാ കളക്ടർ അനുവദിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ല കലക്ടർമാർക്കും

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാമൂഹ്യ നീതി വകുപ്പ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ദുരന്ത നിവാരണ വകുപ്പ്
പൊതുഭരണ എസ്.സി വകുപ്പ് (13.10.21 ലെ ഇനം നം 319 -OA പ്രകാരം)
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).
റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അപേക്ഷ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | അംഗീകരിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ചതിന്റെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം | In process അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 8871 | 777 | 423 | 8094 | 0 |
| 2 | കൊല്ലം | 2319 | 109 | 49 | 461 | 1700 |
| 3 | പത്തനംതിട്ട | 660 | 74 | 36 | 164 | 386 |
| 4 | ആലപ്പുഴ | 2014 | 688 | 580 | 534 | 792 |
| 5 | കോട്ടയം | 1233 | 569 | 460 | 482 | 182 |
| 6 | ഇടുക്കി | 502 | 295 | 245 | 150 | 57 |
| 7 | എറണാകുളം | 1898 | 415 | 20 | 427 | 1056 |
| 8 | തൃശ്ശൂർ | 2120 | 686 | 173 | 711 | 723 |
| 9 | പാലക്കാട് | 1758 | 1032 | 684 | 676 | 50 |
| 10 | മലപ്പുറം | 1654 | 627 | 312 | 372 | 655 |
| 11 | കോഴിക്കോട് | 1876 | 968 | 964 | 530 | 378 |
| 12 | വയനാട് | 251 | 151 | 148 | 97 | 3 |
| 13 | കണ്ണൂർ | 1076 | 390 | 70 | 493 | 193 |
| 14 | കാസർഗോഡ് | 357 | 145 | 143 | 143 | 69 |

# അപേക്ഷ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | അംഗീകരിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ചതിന്റെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം | In process അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 8871 | 777 | 423 | 8094 | 0 |
| 2 | കൊല്ലം | 2319 | 109 | 49 | 461 | 1700 |
| 3 | പത്തനംതിട്ട | 660 | 74 | 36 | 164 | 386 |
| 4 | ആലപ്പുഴ | 2014 | 688 | 580 | 534 | 792 |
| 5 | കോട്ടയം | 1233 | 569 | 460 | 482 | 182 |
| 6 | ഇടുക്കി | 502 | 295 | 245 | 150 | 57 |
| 7 | എറണാകുളം | 1898 | 415 | 20 | 427 | 1056 |
| 8 | തൃശ്ശൂർ | 2120 | 686 | 173 | 711 | 723 |
| 9 | പാലക്കാട് | 1758 | 1032 | 684 | 676 | 50 |
| 10 | മലപ്പുറം | 1654 | 627 | 312 | 372 | 655 |
| 11 | കോഴിക്കോട് | 1876 | 968 | 964 | 530 | 378 |
| 12 | വയനാട് | 251 | 151 | 148 | 97 | 3 |
| 13 | കണ്ണൂർ | 1076 | 390 | 70 | 493 | 193 |
| 14 | കാസർഗോഡ് | 357 | 145 | 143 | 143 | 69 |